DESPATCHED On 21.2.2020 31/01/2020



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

## ഹർജി നമ്പർ **AP No.1206(4)/2015**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.7679/എസ്.ഐ.സി–ജി 2/2015)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. സി.കെ. ബിന്ദു,
W/o വിജയൻ എം.സി,
പെരുവനത്താഴ, ബിന്ദു നിവാസ്,
ചെറുവണ്ണൂർ പി.ഒ,
മേപ്പായൂർ– 673 524,
കോഴിക്കോട്. } അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജൂനിയർ സൂപ്രണ്ട്,
മുൻസിഫ്–മജിസ്ട്രേറ്റ് കോടതി,
പേരാമ്പ്ര, കോഴിക്കോട്.

2. അപ്പീൽ അധികാരി &
ശിരസ്തദാർ,
ജില്ലാ കോടതി,
കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 25.11.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 04.12.2014 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 12.12.2014 |
| മറുപടി ലഭ്യമാക്കിയ തീയതി | 10.02.2015 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 08.05.2015 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 11.05.2015 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരി ഒന്നാം എതിർകക്ഷിയുടെ ഓഫീസായ പേരാമ്പ്ര മുൻസിഫ് കോടതിയിൽ 25.11.2014 ൽ നൽകിയ വിവരാവകാശ അപേക്ഷയിൽ മുൻസിഫ് കോടതിയിലെ ഒ.എസ്.8/2014 നമ്പർ കേസുമായി ബന്ധപ്പെട്ട ഏഴിന വിവരങ്ങളാണ് ചോദിച്ചത്. ബഹു. ഹൈക്കോടതിയുടെ റൂൾ 12 ചൂണ്ടിക്കാട്ടി ഒരു വിവരവും നൽകിയില്ല എന്നാരോപിച്ചാണ് ടിയാൾ കമ്മീഷന് 08.05.2015 ൽ അപ്പീൽ നൽകിയത്.

2. ഇതിന്മേൽ എതിർകക്ഷികളോട് റിപ്പോർട്ട് സമർപ്പിക്കാൻ കമ്മീഷൻ 01.06.2015–ൽ നോട്ടീസയച്ചു. ഇതനുസരിച്ച് ഒന്നാം എതിർകക്ഷി 15.06.2015 ൽ കമ്മീഷന് റിപ്പോർട്ട് നൽകി. റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു.

"26.11.2014 ന് (അപേക്ഷ തീയതി 25.11.2014) ശ്രീമതി. സി.കെ. ബിന്ദു വിവരാവകാശ നിയമ പ്രകാരം ഒരു അപേക്ഷ തന്നിരുന്നു. ഒ.എസ്8/14 എന്ന കേസിനെകുറിച്ചും മറ്റും അറിയുവാൻ വേണ്ടിയാണ് അപേക്ഷ തന്നത്.

ചോദ്യ നമ്പർ ഒന്നിനും രണ്ടിനും ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവ് നമ്പർ 12 പ്രകാരം നൽകുവാൻ കഴിയില്ലെന്ന് അറിയിക്കുകയുണ്ടായി.

അന്യായക്കാരിയുടെ പേരിൽ കള്ള ഒപ്പിട്ട് തയ്യാറാക്കി വ്യാജരേഖകൾ സഹിതം കേസ് ഫയൽ ചെയ്താൽ സിവിൽ നിയമപ്രകാരം അനുവദനീയമാണോ എന്നതായിരുന്നു മൂന്നാമത്തെ ചോദ്യം. അനുവദനീയമല്ലെന്ന് മറുപടി കൊടുത്തു. (ഫയൽ ചെയ്യുന്ന സമയത്ത് ഒപ്പ് വ്യാജമായി ഇട്ടതാണോ എന്ന് മനസിലാക്കാൻ കഴിയില്ല).

അന്യായക്കാരിയുടെ പേരിൽ കള്ള ഒപ്പിട്ട് വ്യാജമായി ഉണ്ടാക്കിയ വക്കാലത്ത് ഫോറം കോടതിയിൽ ഫയലാക്കിയാൽ അത് കോടതിക്ക് സ്വീകാര്യമാകുമോ എന്നതായിരുന്നു നാലാമത്തെ ചോദ്യം. ഫയൽ

RIGHT TO INFORMATION

ചെയ്യുന്ന സമയത്ത് ഒപ്പ് വ്യാജമായി ഇട്ടതാണോ എന്ന് കണ്ടുപിടിക്കാൻ കഴിയില്ലെന്ന് മറുപടി കൊടുത്തു.

അന്യായക്കാരിയും വക്കീലും ഒപ്പിട്ട് രേഖകൾ സഹിതം കോടതിയിൽ ഹാജരാക്കിയ കേസായതുകൊണ്ടാണ് അന്യായം ഫയലിൽ സ്വീകരിച്ച തെന്ന മറുപടിയാണ് 5-ാം നമ്പർ ചോദ്യത്തിന് കൊടുത്തത്. അപേക്ഷ യിൽ പറഞ്ഞ ആറാമത്തെ ചോദ്യത്തിന് "അറിയില്ല" എന്ന ഉത്തരമാണ് കൊടുത്തത്. കാരണം ഈ കേസുമായി ബന്ധപ്പെട്ട് ഒരു പോലീസ് അധി കാരിയും കോടതിയിൽ വന്ന് ഒരന്വേഷണവും നടത്തിയതായി എനിക്ക റിയില്ല.

ഏഴാമത്തെ ചോദ്യത്തിനുള്ള ഉത്തരം ഭാഗികമായി മാത്രമേ കൊടു ക്കാൻ കഴിഞ്ഞുള്ളൂ. അഫിഡവിറ്റിന്റെ കോപ്പി കൊടുത്തിരുന്നില്ല.

ഇതിനെതിരെ ശ്രീമതി സി.കെ ബിന്ദു ബഹു. അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ ബോധിപ്പിച്ചിരുന്നു. 21.01.2015 ന് അപ്പലേറ്റ് അതോറിറ്റി മുമ്പാകെ ഞാൻ ഹാജരായിരുന്നു. എന്നാൽ പരാതിക്കാരി ഹാജരായതായി കണ്ടില്ല. അതിനുശേഷം 10.02.2015 നുള്ള അപ്പലേറ്റ് അതോറിറ്റിയുടെ ഉത്ത രവ് പ്രകാരം രണ്ടാം നമ്പർ ചോദ്യത്തിനുള്ള മറുപടി 18.02.2015 ന് ഞാൻ കൊടുത്തിരുന്നു. മറ്റുള്ള വിവരങ്ങൾക്ക് ഞാൻ കൊടുത്ത മറുപടി അപ്പ ലേറ്റ് അതോറിറ്റി ശരിവെക്കുകയാണ് ചെയ്തത്."

3. ഇതിനുശേഷം കമ്മീഷൻ 04.11.2019 ൽ കോഴിക്കോട് കളക്ടറേ റ്റിലെ വീഡിയോ കോൺഫ്രൻസ് സംവിധാനം വഴി ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരി ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

4. അപ്പീൽ ഹർജിയിലെ വിഷയം 30.06.2016 ൽ എ.പി.2569 (1)/2015/എസ്.ഐ.സി എന്ന ഫയലിൽ മുഖ്യവിവരാവകാശ കമ്മീഷണർ ശ്രീ. വിൻസൻ എം.പോൾ തീർപ്പു കൽപ്പിച്ചിട്ടുള്ളതാണെന്ന് ഒന്നാം എതിർകക്ഷി മൊഴി നൽകി.

5. ഒന്നാം എതിർകക്ഷിയുടെ മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, അപ്പീൽ ഹർജിക്കാരി ഉന്നയിക്കുന്ന വിഷയം തീർപ്പാക്കിക്കഴിഞ്ഞതായി ബോധ്യപ്പെട്ട സാഹചര്യത്തിൽ, അപ്പീൽ ഹർജിയിൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേദിവസം 31.01.2020 ന് ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re